നമ്പർ ഡി 876/2014

കേരള സർക്കാർ
കൃഷി വകുപ്പ്

**കോഴിക്കോട് ജില്ലാപഞ്ചായത്ത്**

**പുനർ ദർഘാസ് / ദർഘാസ് പരസ്യം**

കോഴിക്കോട് ജില്ലാപഞ്ചായത്തിന് വേണ്ടി കോഴിക്കോട് കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവർത്തികൾക്ക് നിശ്ചിത യോഗ്യതയുള്ള പൊതുമരാമത്ത്/ ജലവിഭവ വകുപ്പിലെ അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള പുനർദർഘാസുകൾ/ ദർഘാസുകൾ പ്രവർത്തിയുടെ പേരെഴുതി മുദ്രവെച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. പുനർ ദർഘാസുകൾ 19/12/2014 ന് ഉച്ചയ്ക്ക് 12 മണി വരെ സ്വീകരിക്കുന്നതാണ്. (രജിസ്റ്റേർഡ് / സ്പീഡ് പോസ്റ്റ് മുഖാന്തിരം മാത്രം) ദർഘാസുകൾ 8.1.2015 ഉച്ചയ്ക്ക് 2 മണിവരെ സ്വീകരിക്കുന്നതാണ് (രജിസ്റ്റേർഡ് / സ്പീഡ് പോസ്റ്റ് മുഖാന്തിരം മാത്രം) പുനർ ദർഘാസുകൾ 19.12.2014 ന് ഉച്ചയ്ക്ക് 12.30 മണിക്കും, ദർഘാസുകൾ 8.1.2015 ഉച്ചയ്ക്ക് 2 .30, മണിക്കും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അപ്പോൾ സന്നിഹിതരായിട്ടുള്ള ദർഘാസുകാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ടി ദിവസം പൊതു അവധിയായി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമാ യിരിക്കും. പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

## പുനർ ദർഘാസ്

| ദർഘാസ് നമ്പർ. | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും. | നിരതദ്രവ്യം | ദർഘാസ് പ്രമാണത്തിന്റെ വില | പ്രവർത്തി ചെയ്തു തീർക്കേണ്ട കാലാവധി. |
|---|---|---|---|---|
| D908/2014 | സംസ്ഥാന വിത്തുല്പാദനകേന്ദ്രം പേരാമ്പ്രയിൽ അറ്റകുറ്റപണികൾ **Rs. 352000/-** | 8800/-രൂപ | 1200/- രൂപ + വാറ്റ് | 4 മാസം |
| D 925/2014 | കോക്കനട്ട് നേഴ്സറി തിക്കോടിയിൽ ഫെർട്ടിലൈസർ സ്റ്റോറിന്റെ നിർമ്മാണം **Rs. 475000/-** | 11900/-രൂപ | 1250/- രൂപ + വാറ്റ് | 4 മാസം |
| D 924/2014 | കോക്കനട്ട് നേഴ്സറി തിക്കോടിയിൽ ടോയ്‌ലെറ്റ് നിർമ്മാണം **Rs. 300000/-** | 7500/-രൂപ | 900/- രൂപ + വാറ്റ് | 4 മാസം |
| D 926/2014 | കോക്കനട്ട് നേഴ്സറി തിക്കോടിയിൽ ഗ്രീൻഹൗസിന്റെയും മിസ്റ്റ് ചേമ്പറിന്റെയും അറ്റകുറ്റപണികൾ **Rs. 150000/-** | 3800/-രൂപ | 600/- രൂപ + വാറ്റ് | 3 മാസം |
| D 909/2014 | സംസ്ഥാന വിത്തുല്പാദന കേന്ദ്രം പുതുപ്പാടിയിൽ ട്രാക്ടർ റാമ്പ് നിർമ്മാണം **Rs. 200000/-** | 5000/-രൂപ | 600/- രൂപ + വാറ്റ് | 3 മാസം |
| D 923/2014 | സംസ്ഥാന വിത്തുല്പാദനകേന്ദ്രം പുതുപ്പാടിയിൽ വെസ്റ്റ് ബ്ലോക്കിന്റെ പ്രവൃത്തി **Rs. 30,000/-** | 750/-രൂപ | 600/- രൂപ + വാറ്റ് | 3 മാസം |

GOVERNMENT OF KERALA

## ദർഘാസ്

| ദർഘാസ് നമ്പർ. | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും. | നിരത ദ്രവ്യം | ദർഘാസ് പ്രമാണ ത്തിന്റെ വില | പ്രവർത്തി ചെയ്തു തീർക്കേണ്ട കാലാവധി. |
|---|---|---|---|---|
| **D1131/2014** | കോക്കനട്ട് നേഴ്സറി തിക്കോടിയിൽ വിവിധ അറ്റകുറ്റപണികൾ<br>**Rs. 133000/-** | 3400/-രൂപ | 600/- രൂപ + വാറ്റ് | 3 മാസം |

പൂനർ ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും താഴെ ഒപ്പു വച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും 17/12/2014 ഉച്ചയ്ക്ക് ഒരു മണി വരെയും ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും താഴെ ഒപ്പു വച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും 06/01/2015 ഉച്ചയ്ക്ക് ഒരു മണി വരെയും എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിന്റെ വില രൊക്കം പണമായടച്ച് രേഖാമൂലം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ മേൽപറഞ്ഞ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അവ അന്യോന്യം കൈമാറുവാൻ പാടില്ലാത്തതു മാകുന്നു. ദർഘാസ് പ്രമാണത്തിന്റെ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. അംഗീകൃത ബാങ്കിൽനിന്നും കോഴിക്കോട് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പേരിലടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ പ്രവർത്തികൾക്ക് ദർഘാസ് സമർപ്പിക്കുമ്പോൾ 100/ രൂപയുടെ മുദ്രപത്രത്തിൽ ഒരു പ്രാഥമിക ഉടമ്പടി വയ്ക്കേണ്ടതാണ്. ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ സർക്കാർ നിബന്ധനകളും നിയമങ്ങളും ഈ ദർഘാസിനും ബാധകമായിരിക്കും.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ
(കോഴിക്കോട് ജില്ലാപഞ്ചായത്തിനുവേണ്ടി)


കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയം,
പുതിയറ. പി.ഒ.,
കോഴിക്കോട്-4. തീയതി: 10/12/2014
ഫോൺ : 0495 2723766